# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 256* 11/12/2014 ൽ മറുപടിക്ക്

## ആരോഗ്യ കായിക പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>,, കെ.ദാസൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമം നിഷ്കർഷിക്കുന്ന ആരോഗ്യ കായിക പദ്ധതി നടപ്പാക്കുന്നതിനായി എന്തു തുകയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത്; അത് എത്രത്തോളം ഉപയോഗപ്പെടുത്തി എന്നറിയിക്കാമോ; | എ) 2014-15 വർഷം ആരോഗ്യകായികവിദ്യാഭ്യാസത്തിന് എസ്.എസ്.എ പദ്ധതി പ്രകാരം 2936.34 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനായി നിയോഗിക്കുന്ന അധ്യാപകരുടെ ശമ്പളം ഈ തുകയിൽ നിന്നും വിനിയോഗിക്കുന്നതാണ്. |
| (ബി) ചട്ടവിരുദ്ധമായി അധ്യാപകബാങ്കിൽ നിന്ന് ഇതിലേക്കായി അധ്യാപകരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ഇറക്കിയ ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ; | ബി) ചട്ടവിരുദ്ധമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. അധ്യാപക ബാങ്കിലേക്ക് മാറ്റപ്പെടുന്ന അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു. അധ്യാപക ബാങ്ക് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാത്ത സാഹചര്യത്തൽ പ്രസ്തുത നിർദ്ദേശം പിൻവലിച്ചിട്ടുണ്ട്. |
| (സി) ഈ വിധത്തിൽ എസ്.എസ്.എയുടെ ഫണ്ട് ദുരുപയോഗം ചെയ്യുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | സി) ദുരുപയോഗം ഉണ്ടാവുകയില്ല |

സെക്ഷൻ ഓഫീസർ